## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 407

12-06-2012-ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധനയും ഗാർഹിക ഉപഭോക്താക്കളും

ചോദ്യം

ശ്രീ. എം. ചന്ദ്രൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) വൈദ്യുതി നിരക്ക് വർദ്ധന നടപ്പിൽ വരുത്തുവാൻ ഉദ്ദേശി ക്കുന്നുണ്ടോ;

(എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, 28.04.2012 ലെ ഉത്തരവ് പ്രകാരം 2012-13 സാമ്പത്തിക വർഷത്തെ ബോർഡിന്റെ വരുമാനകമ്മി 1889.15 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 2011-12 ലേക്ക് 928.62 കോടി രൂപയും, 2010-11 ലേക്ക് 457.42 കോടി രൂപയും 2009-10 സാമ്പത്തിക വർഷത്തിലേക്ക് 335.30 കോടി രൂപയും വരുമാന കമ്മിയായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ പ്രതിദിനം 7 കോടിയോളം രൂപയുടെ നഷ്ടത്തിലാണ് വൈദ്യുതി ബോർഡ് പ്രവർത്തിക്കുന്നത്. ടി കാരണങ്ങളാലും, വൈദ്യുതി വർദ്ധനവ് മൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന താരിഫ് ഷോക്ക് പരമാവധി കുറച്ചുകൊണ്ടും ഏകദേശം 1546.40 കോടി രൂപ തന്നാണ്ടിൽ തന്നെ വൈദ്യുതി ചാർജ്ജ് വർദ്ധനവ് മൂലം കൂടുതലായി

|  |  |  |  |
|---|---|---|---|
|  |  |  | കണ്ടെത്താനുള്ള നിർദ്ദേശങ്ങളാണ് വൈദ്യുതി ബോർഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. റഗുലേറ്ററി കമ്മീഷനാണ് വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച തീരുമാനം എടുക്കേണ്ടത്. |
| (ബി) | യുണിറ്റിന് എത്ര രൂപയാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | ശുപാർശ ചെയ്തിട്ടുള്ള നിരക്ക് വർദ്ധനയുടെ സംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഗാർഹിക ഉപഭോക്താക്കളെ നിരക്കുവർദ്ധനയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര യൂണിറ്റ് വരെ ഉപയോഗിക്കുന്ന വരെയാണ് ഒഴിവാക്കുന്നത്? | (സി) | 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡ് ഉള്ളവരും പ്രതിമാസം 20 യൂണിറ്റിൽ താഴെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ അടക്കേണ്ടതില്ല. ഈ സംവിധാനത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശമില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നൽകിയ താരിഫ് പരിഷ്കരണ നിർദേശങ്ങൾ

(1) ഗാർഹികം-എൽ.ടി -1(a)

| മാസഉപഭോഗം | എനർജി ചാർജ്ജ് | | ഡിമാൻറ്ചാർജ്ജ് / ഫിക്സഡ് ചാർജ്ജ് | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് (രൂപ/ യൂണിറ്റ്) | ശുപാർശചെയ്ത നിരക്ക് (രൂപ/ യൂണിറ്റ്) | (രൂപ/മാസം/ ഉപഭോക്താവ്) | (രൂപ/മാസം/ ഉപഭോക്താവ്) |
| 0-40 | 1.15 | 1.50 | 0 | 5 |
| 41-80 | 1.90 | 2.50 | | 15 |
| 81-120 | 2.40 | 3.00 | | 30 |
| 121-150 | 3.00 | 3.80 | | 40 |
| 151-200 | 3.65 | 4.80 | | 50 |
| 201-300 | 4.30 | 5.50 | | 60 |
| 301-500 | 5.30 | 6.70 | | 80 |
| 500 യൂണിറ്റിന് മുകളിൽ | 5.45 | 7.00 | | 90 |

ഈ ശുപാർശയിലൂടെ കെ.എസ്.ഇ.ബി 671.51 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(2) എൽ.ടി -1(b)- ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ്

| മാസഉപഭോഗം | എനർജി ചാർജ്ജ് | | ഡിമാൻറ്ചാർജ്ജ് / ഫിക്സഡ് ചാർജ്ജ് | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് (രൂപ/ യൂണിറ്റ്) | ശുപാർശചെയ്ത നിരക്ക് (രൂപ/ യൂണിറ്റ്) | (രൂപ/മാസം/ ഉപഭോക്താവ്) | (രൂപ/മാസം/ ഉപഭോക്താവ്) |
| 0-40 | 1.55 | 2.00 | 0 | 5 |
| 41-80 | 2.40 | 3.10 | | 15 |
| 81-120 | 2.80 | 3.60 | | 30 |
| 121-150 | 3.45 | 4.50 | | 40 |
| 151-200 | 4.05 | 5.20 | | 50 |
| 201-300 | 5.05 | 6.20 | | 60 |
| 300 യൂണിറ്റിന് മുകളിൽ | 6.30 | 7.50 | | 80 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 0.025 കോടി രൂപ

(3) എൽ.ടി -II കോളനികൾ

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 1990 | 2400 | 5.65 | 7.00 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -Rs 2.62 കോടി രൂപ

(4) എൽ.ടി -IV ചെറുകിട വ്യവസായം

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 45 | 60 | 3.25 | 4.25 |

ഈ ശുപാർശയിലൂടെ കെ.എസ്.ഇ.ബി 130.61 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(5) എൽ.ടി -V കൃഷി

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 6 | 8 | 0.65 | 1.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 23.26 കോടി രൂപ

(6) എൽ.ടി -V1 (A)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാന്റ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 40.00 | 50.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 3.85 | 4.80 |
| 500 യൂണിറ്റിന് മുകളിൽ | 5.20 | 5.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -12.09 കോടി രൂപ

(7) എൽ.ടി -VI (B)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത. നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 55.00 | 70.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 4.50 | 5.50 |
| 500 യൂണിറ്റിന് മുകളിൽ | 5.90 | 6.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -24.43 കോടി രൂപ

(8) എൽ.ടി -VI ( C)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 170.00 | 180.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 6.75 | 7.00 |
| 500 യൂണിറ്റിന് മുകളിൽ | 8.40 | 8.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -4.32 കോടി രൂപ .

(9) എൽ.ടി - VI(D)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 0.85 | 1.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -0.17 കോടി രൂപ .

**(13) തെരുവ് വിളക്കുകൾ: എൽ.ടി - IX**

ഈ ശുപാർശയിലൂടെ കെ.എസ്.ഇ.ബി 15.83 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**(14) എക്സ്ട്രാ ഹൈടെൻഷൻ (ഇ.എച്ച്.ടി)**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഇ.എച്ച്.ടി -1 (66 kV) | | |
| ഡിമാൻറ്ചാർജ്ജ് | 260.00 | 300.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (i) സാധാരണ ഉപഭോക്താക്കൾ | 2.90 | 4.00 |
| (ii) പവർ ഇൻറൻസീവ് | 3.40 | 4.00 |
| ആകെ | | |
| ഇ.എച്ച്.ടി -II (110 kV) | | |
| ഡിമാൻറ്ചാർജ്ജ് | 245.00 | 290.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (i) സാധാരണ ഉപഭോക്താക്കൾ | 2.90 | 4.00 |
| (ii) പവർ ഇൻറൻസീവ് | 3.40 | 4.00 |
| ആകെ | | |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 144.28 കോടി രൂപ.

**(15) എച്ച്.ടി -I വ്യവസായം**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 270.00 | 300.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (a) സാധാരണ വിഭാഗം (പവർ ഇൻറൻസീവ് ഒഴികെ ) | 3.00 | 4.10 |
| (b) പവർ ഇൻറൻസീവ് | 3.50 | 4.10 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 143.04 കോടി രൂപ.

(16) എച്ച്.ടി -II (വ്യാവസായികേതരം/ വാണിജ്യേതരം)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 300.00 | 350.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 3.00 | 4.10 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 15.06 കോടി രൂപ

(17) എച്ച്.ടി -III കൃഷി

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 165.00 | 200.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 1.30 | 2.30 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 1.19 കോടി രൂപ

(18) എച്ച്.ടി - IV വാണിജ്യം

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 350.00 | 400.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 3.70 | 5.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 167.76 കോടി രൂപ

(19) ബൾക്ക് സപ്ലൈ ലൈസൻസികൾ

| വിഭാഗം | ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| ബൾക്ക് സപ്ലൈ - 11 kV | 270 | 350 | 3.28 | 4.40 |
| ബൾക്ക് സപ്ലൈ 66 kV | 260 | 340 | 3.16 | 4.20 |
| ബൾക്ക് സപ്ലൈ - 110 kV | 245 | 320 | 3.16 | 4.20 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -54.19 കോടി രൂപ

(20) റെയിൽവേ ട്രാക്ഷൻ

| ഡിമാൻറ്ചാർജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 245 | 250 | 2.90 | 4.00 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -15.29 കോടി രൂപ

ഈ ശുപാർശയിലൂടെ പ്രതീക്ഷിക്കുന്ന ആകെ വാർഷിക അധിക വരുമാനം ചുവടെ ചേർത്തിരിക്കുന്നു.

| നമ്പർ | വിഭാഗം | തുക (Rs.Cr) |
|---|---|---|
| 1 | എൽ.ടി - 1(a) ഗാർഹികം | 671.57 |
| 2 | എൽ.ടി - 1(b) ലക്ഷംവീട് കമ്മീഷൻ | 0.13 |
| 3 | എൽ.ടി -II കോളനികൾ | 2.62 |
| 4 | എൽ.ടി -IV ചെറുകിട വ്യവസായം | 130.61 |
| 5 | എൽ.ടി -V കൃഷി | 23.26 |
| 6 | എൽ.ടി -VI (A) | 12.09 |
| 7 | എൽ.ടി -VI (B) | 24.43 |
| 8 | എൽ.ടി -VI ( C) | 4.32 |
| 9 | എൽ.ടി - VI (D) | 0.17 |
| 10 | എൽ.ടി -VII (A) | 73.85 |
| *11 | എൽ.ടി -VII (B) | 39.07 |
| 12 | എൽ.ടി - VII (C ) | 7.63 |
| 13 | എൽ.ടി - IX - തെരുവ് വിളക്കുകൾ | 15.83 |
| 14 | ഇ.എച്ച്.ടി താരിഫ് | 144.28 |
| 15 | HT-1 വ്യവസായം | 143.04 |
| 16 | HT-II ഗാർഹികേതരം | 15.06 |
| 17 | HT-III കൃഷി | 1.19 |
| 18 | HT-IV വാണിജ്യം | 167.76 |
| 19 | ബൾക്ക് സപ്ലൈ ലൈസൻസികൾ | 54.20 |
| 20 | റെയിൽവേ | 15.29 |
| 21 | ആകെ | 1546.40 |